# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 772 — 28.02.2018-ലെ മറുപടി

## കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി.ജോർജ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം പേരൂർക്കടയിൽ നിന്നും മണ്ണാംമൂല പ്രദേശം വരെയുള്ള എം.ആർ.എ., വി.ആർ.എ., ജി.സി. നഗർ, ദേവിനഗർ എന്നിവിടങ്ങളിൽ സുലഭമായി ലഭിച്ചുകൊണ്ടിരുന്ന കുടിവെള്ളം ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ലഭിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പേരൂർക്കട മണ്ണാംമൂല പ്രദേശത്ത് പേരൂർക്കട ജല സംഭരണിയിൽ നിന്നാണ് ജല വിതരണം നടത്തുന്നത്. പേരൂർക്കട ജല സംഭരണിയിൽ നിന്നുമുള്ള ജല വിതരണ ശ്രൃംഖല തുടക്കകാലത്തെ അപേക്ഷിച്ച് വൻ തോതിൽ വിപുലീകരിച്ചിട്ടുണ്ട്. ഈ കാരണത്താൽ 24 മണിക്കൂർ ജലം ലഭിച്ചിരുന്ന ഉയർന്ന ചില പ്രദേശങ്ങളിൽ ജല ലഭ്യതയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ആയതിനാലാണ് പേരൂർക്കട ഭാഗത്തെ ഉയർന്ന പ്രദേശമായ മണ്ണാംമൂല പ്രദേശത്ത് പേരൂർക്കട ജല സംഭരണിയിൽ ഉള്ള ജലവിതാനത്തിന്റെ തോത് അനുസരിച്ച് ജലലഭ്യത കുറവ് വരുന്നത്. ഉദ്യോഗസ്ഥതല അനാസ്ഥമൂലമാണ് ജലദൗർലഭ്യം എന്ന് വിലയിരുത്തപ്പെട്ടിട്ടില്ല. |
| (ബി) വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം, ലഭിക്കുന്ന ജലത്തിന്റെ അളവ് കുറയുകയും വീടുകളിലെ ടാങ്കുകളിൽ വെള്ളം കയറാതെവരികയും ചെയ്യുന്നതിനാൽ ജനങ്ങൾ വളരെയധികം കഷ്ടപ്പെടുന്ന സാഹചര്യത്തിൽ ആയതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ജല ലഭ്യത കുറവ് അനുഭവപ്പെടുന്ന മണ്ണാംമൂല പ്രദേശത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടി നെട്ടയം ജല സംഭരണിയിൽ നിന്നും ഉള്ള ജലവിതരണ ശ്രൃംഖലയുമായി നിലവിലുള്ള ജല വിതരണ കുഴലുകൾ ബന്ധിപ്പിക്കുന്ന പ്രവൃത്തി നടന്നു വരുന്നു. ഇത് പൂർത്തിയാകുന്നതോടുകൂടി ടി മേഖലയിലെ ജലദൗർലഭ്യത്തിന് പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ജനങ്ങളുടെ നിരന്തരമായ പരാതിയുടെയും റോഡ് ഉപരോധത്തിന്റെയും വെളിച്ചത്തിൽ പ്രദേശത്തെ എം.എൽ.എ-യുടെ സാന്നിധ്യത്തിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ യോഗം അടുത്തനാൾ കൂടിയിരുന്നോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടു | (സി) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട് 15.01.2018-ൽ ബഹു MLA യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. ടി യോഗത്തിൽ കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം നോർത്ത് ഡിവിഷൻ എക്സി. എഞ്ചിനീയർ, കവടിയാർ വാട്ടർ വർക്സ് നോർത്ത് സബ് ഡിവിഷൻ |

| | | | |
|---|---|---|---|
| | ന്നുവോ; ഇതിൽ ഏതൊക്കെ ഉദ്യോഗസ്ഥർ പങ്കെടുത്തു; മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കവടിയാർ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവർക്കു പുറമെ പൊതുമരാമത്ത് വകുപ്പിലെ ചില ഉദ്യോഗസ്ഥരും പങ്കെടുത്തു. എം.എൽ.എ വിളിച്ചുചേർത്ത യോഗമായതിനാൽ പ്രസ്തുത യോഗത്തിന്റെ മിനിട്സ് സർക്കാരിൽ ലഭ്യമല്ല. |
| (ഡി) | പ്രസ്തുത പ്രദേശത്തെ ജനങ്ങൾ കുടിവെള്ളത്തിനായി ഉദ്യോഗസ്ഥരെ വിളിച്ചാൽ, അവർ ഓരോ ന്യായങ്ങൾ പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്നതായുള്ള ആക്ഷേപം കണക്കിലെടുത്ത് പ്രസ്തുത പ്രദേശത്ത് കുടിവെള്ളം ലഭിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | പേരൂർക്കട മണ്ണാംമൂല പ്രദേശത്തെ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി നെട്ടയം ജലസംഭരണിയിൽ നിന്നുള്ള ജല വിതരണ ശൃംഖല പണിക്കേഴ്സ് ലൈനിന് സമീപം നിലവിലുള്ള ജല വിതരണക്കുഴലുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ഈ പ്രവൃത്തി പൂർത്തിയാകുന്നതോടെ മണ്ണാംമൂല പ്രദേശത്തെ ജലക്ഷാമം പരിഹരിക്കപ്പെടുന്നതാണ്. |
| (ഇ) | പ്രസ്തുത കാര്യത്തിൽ ഉദാസീനത കാണിക്കുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരം ലഭ്യമാക്കുന്നപക്ഷം അവർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ? | (ഇ) | ഏതെങ്കിലും ഉദ്യോഗസ്ഥർ ഈ വിഷയവുമായി ബന്ധപ്പെട്ട് ഉദാസീനത കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ